കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി

2 (*62) ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപന്നങ്ങളായ റബ്ബർ, നാളികേരം, അടയ്ക്ക, കുരുമുളക്, തേയില, കാപ്പി, കൊക്കോ, എന്നിവയുടെ വില കുറയാൻ ഇടയായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ ഉൽപന്നത്തിനും 1999-ൽ ലഭിച്ച വിലയും നടപ്പുവർഷത്തിൽ നിലവിലുള്ള വിലയും വെളിപ്പെടുത്തുമോ;

(സി) കാർഷികോൽപന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിന്റെ ഫലമായി കാർഷികമേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ ഇറക്കുമതി നയംമൂലം വിവിധ കാർഷിക വിളകൾക്കു വിലയിടിവ് ഉണ്ടായിട്ടുണ്ട്.

(ബി) ഉൽപന്നം	1999-ലെ 12 മാസത്തെ ശരാശരി വില/രൂപ	2000-ലെ 10 മാസത്തെ ശരാശരി വില/രൂപ
നെല്ല് ക്വിന്റൽ	702	707
റബ്ബർ ക്വിന്റൽ	2623	2825
കൊക്കോ കിലോ	17	15
കുരുമുളക്/ക്വിന്റൽ	19237	19798
നാളികേരം (ആയിരം എണ്ണം) (തൊണ്ടോടു കൂടി)	5630	3880
നാളികേരം (ആയിരം എണ്ണം) (തൊണ്ടില്ലാതെ)	4933	3495
അടയ്ക്ക (ആയിരം)	1056	712
തേയില (ക്വിന്റൽ)	8099	6939
കാപ്പി (ക്വിന്റൽ)	5326	3523

(സി) & (ഡി) കാർഷികോൽപന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സർക്കാർ പല പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. റബ്ബർ വിലയിലുണ്ടായ ഇടിവ് പരിഹരിക്കുന്നതിന് കമ്പോള വിലയേക്കാൾ 50 പൈസ അധികം നൽകി ഏജൻസികളെക്കൊണ്ട് സംഭരണം നടത്തുകയും കയറ്റുമതി ചെയ്യിക്കുകയും ചെയ്തു. സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവായി കിലോയ്ക്ക് 50 പൈസ അനുവദിച്ചു. എസ്. റ്റി.സി. വാങ്ങുന്ന റബ്ബറിന് പർച്ചേസ് ടാക്സിൽ ഇളവ് അനുവദിച്ചു. നെല്ലിന് താങ്ങുവില പ്രഖ്യാപിച്ച് സംഭരണം നടത്തി. കൊപ്ര കേന്ദ്രം പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly

സംഭരണവിലയ്ക്ക് സംഭരിച്ചു. കർഷകർക്ക് സംഭരണവിലയുടെ ആനുകൂല്യം നേരിട്ട് ലഭിക്കുന്നതിന് പച്ചത്തേങ്ങാസംഭരണം ആരംഭിച്ചു. പുതിയ ഇറക്കുമതി നയം മൂലമുണ്ടായ വിലത്തകർച്ചയെ നേരിടുന്നതിനായി, ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങളുടെ ഇറക്കുമതിത്തീരുവ 300% വരെ ഉയർത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇളനീർ വില്പന വ്യാപകമാക്കുന്നതിന് ശ്രമിച്ചുവരുന്നു. സർക്കാർതലത്തിൽ സ്വീകരിച്ച നടപടികളുടെ ഫലമായി കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തി വരുന്നതേയുള്ളൂ.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്

3 (*66) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവുമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന ദയനീയമായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റബ്ബർ, നാളികേരം, ഏലം, കുരുമുളക്, അടയ്ക്കാ, തേയില, കാപ്പി തുടങ്ങി ഓരോ കാർഷികോൽപ്പന്നത്തിന്റെയും വിലയിടിവ് നേരിടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ആഭ്യന്തര വിപണിയിലും, അന്താരാഷ്ട്ര വിപണിയിലും, ഓരോ കാർഷികോൽപ്പന്നത്തിനും കഴിഞ്ഞ ആറുമാസത്തെ വിലനിലവാരം എന്താണെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ)&(ബി) ഉണ്ട്. റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് കമ്പോള വിലയേക്കാൾ കിലോഗ്രാമിന് 50 പൈസ അധികം നൽകി സംഭരിക്കുന്ന സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവിനത്തിൽ 50 പൈസ നൽകുന്നു. റബ്ബറും ലാറ്റക്സും കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കും. എസ്.റ്റി.സി. വാങ്ങുന്ന റബ്ബറിന് പർച്ചേസ് ടാക്സിൽ ഇളവ് അനുവദിച്ചു. കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവിലയ്ക്ക് കൊപ്രാ സംഭരണം നടത്തുന്നു. യഥാർത്ഥ കർഷകന് പ്രയോജനം ലഭിക്കുന്നതിനായി തേങ്ങാസംഭരണം തുടങ്ങിവെച്ചു. തേയില, കാപ്പി, എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിച്ച് സംഭരണം നടത്തണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തെ ദോഷമായി ബാധിക്കുന്ന എല്ലാ ഇറക്കുമതികളും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിച്ചുങ്കം 300% ആയി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിലനിലവാരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

---

†അനുബന്ധം I
1189/2010.

LIBRARY ARCHIVES Kerala Legislative Assembly